**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 729 — 07.02.2013-ൽ മറുപടിയ്ക്ക്

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. വർക്കല കഹാർ | മറുപടി<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) സർക്കാർ ആശുപത്രിവഴി നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് വർദ്ധിച്ചുവരുന്ന ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ വിതരണം ചെയ്യുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. മരുന്ന കമ്പനികൾ നിശ്ചിത ഗുണനിലവാരം പരിശോധനയിലൂടെ ഉറപ്പു വരുത്തിയാണ് മരുന്നുകൾ വിപണിയിലെത്തിക്കുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന മരുന്നുകളുടെ ഓരോ ബാച്ചും ലബോറട്ടറിയിൽ വീണ്ടും പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഡ്രഗ്സ് ഇൻസ്പെക്ടർമാർ റാൻഡം പരിശോധനയും നടത്തുന്നുണ്ട്. |
| (ബി) സർക്കാർ ആശുപത്രിയിലെ മരുന്നുകൾക്ക് ദ്വിതല പരിശോധന നടത്തണമെന്ന ചട്ടം കൃത്യമായി പാലിക്കുന്നു എന്ന് വിലയിരുത്താൻ ആരോഗ്യവകുപ്പിനുകീഴിൽ നിലവിൽ സംവിധാനമുണ്ടോ; | |
| (സി) മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച ആശങ്കകൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | (സി)തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയതിനുശേഷമാണ് മരുന്നുകൾ വിപണയിലെത്തിക്കുന്നത്. എന്നിരുന്നാലും കേരളത്തിൽ സർക്കാർ ആശുപത്രി വഴി നൽകുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള സർക്കാർ ആശുപത്രികളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ അയക്കാറുണ്ട്. കൂടാതെ സർക്കാർ ആശുപത്രി വഴി വിതരണം ചെയ്യുന്ന മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതായി പരാതികൾ ലഭിക്കുന്നപക്ഷം മേൽ പറഞ്ഞ രീതിയിൽ സാമ്പിളുകൾ എടുക്കുകയും പരിശോധന നടത്തുകയും ചെയ്തു വരുന്നു. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിതരണം തടഞ്ഞ് കമ്പനിക്കാർക്കെതിരെ വകുപ്പുതല/നിയമ നടപടികൾ എടുക്കാറുണ്ട്. ഇപ്രകാരം സർക്കാർ ആശുപത്രി വഴി നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള ആശങ്ക ദുരീകരിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ